**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 735** **29.11.2018 -ൽ മറുപടിക്ക്**

**പ്രളയത്തിൽ വിനോദസഞ്ചാര മേഖലയ്ക്കുണ്ടായ നഷ്ടം**

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ

പ്രളയവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര മേഖലയ്ക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; പുനർനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

കണക്കാക്കിയിട്ടുണ്ട്. പ്രളയക്കെടുതിയിൽ ടൂറിസം വ്യവസായത്തിന് ആയിരം കോടിയോളം രൂപയുടെയും ഇൻഫ്രാസ്ട്രക്ചർ മേഖലയിൽ 55 കോടിയോളം രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. കൂടാതെ വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 2018 ആഗസ്റ്റ്, സെപ്തംബർ എന്നീ മാസങ്ങളിൽ യഥാക്രമം 18.46, 18.16 ശതമാനത്തിന്റെ കുറവ് സംഭവിച്ചിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലും ആഗസ്റ്റ്, സെപ്തംബർ എന്നീ മാസങ്ങളിൽ കുറവുണ്ടായിട്ടുണ്ട് (12.56%, 5.85%). പ്രസ്തുത കുറവിന് ആനുപാതികമായി വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തിന് ഇടിവ് സംഭവിച്ചിട്ടുണ്ട്.

പുനരുജ്ജീവനത്തിന്റെ ഭാഗമായി ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രളയാനന്തര കേരളത്തിൽ വിനോദ സഞ്ചാരമേഖലയിൽ ഉണർവുണ്ടാക്കുന്നതിനായി "Post Flood Campaign" എന്ന വിപണന തന്ത്രം ആവിഷ്കരിക്കുകയുണ്ടായി. ഇതിനുപരിയായി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലായി ട്രേഡ് മീറ്റ്, മീഡിയാ മീറ്റ് എന്നിവ സംഘടിപ്പിച്ച് പ്രളയക്കെടുതിയ്ക്ക് ശേഷം കേരളം ടൂറിസം രംഗത്ത് ശക്തമായ തിരിച്ചുവരവ് നടത്തി എന്ന പ്രചാരണം നടത്തുകയും ചെയ്തു.

സെക്ഷൻ ഓഫീസർ